**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1404** **07-02-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ പ്രൈമറി വിദ്യാലയങ്ങളിലെ പ്രധാന അധ്യാപകരുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ സർക്കാർ പ്രൈമറി വിദ്യാലയങ്ങളിൽ സർവീസ് സീനിയോറിറ്റി അനുസരിച്ച് മലപ്പുറം ഡെപ്യൂട്ടി ഡയറക്ടറുടെ 26/10/2021-ലെ എ2/12639/2021, 30/11/2022-ലെ എ2/6776/2022 എന്നീ നടപടിക്രമങ്ങൾ പ്രകാരം എത്ര പേർക്കാണ് പ്രധാന അധ്യാപകരായി സ്ഥാനക്കയറ്റം നൽകി നിയമിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (എ) | 26.10.2021-ലെ എ2/12639/2021 നമ്പർ നടപടിക്രമം പ്രകാരം 204 പേർക്കും 30.11.2022-ലെ എ2/6776/2022 നമ്പർ നടപടിക്രമം പ്രകാരം 3 പേർക്കും പ്രധാനാധ്യാപകരായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ സ്ഥാനക്കയറ്റം ലഭിച്ച പ്രധാന അധ്യാപകർക്ക് അവരുടെ സർവീസ് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ; | (ബി) | പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റം സംബന്ധിച്ച് ബഹു.സുപ്രീം കോടതിയിലും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും കേസ് നിലനിൽക്കുന്നു. പ്രഥമാദ്ധ്യാപക പ്രമോഷൻ നൽകുന്നതി നെതിരെ ബഹു.ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ്, സ്കൂളുകളുടെ പ്രവർത്തനം താളംതെറ്റുന്ന അവസ്ഥയിൽ ബഹു.ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്ത് സ്റ്റേ വെക്കേറ്റ് ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രഥമ അദ്ധ്യാപകർക്ക് അന്തിമ ഉത്തരവിന് വിധേയമായി താൽക്കാലിക പ്രമോഷൻ നൽകി. എന്നാൽ എയ്ഡഡ് മേഖലയിലുള്ള ജീവനക്കാർ ട്രൈബ്യൂണൽ ഉത്തരവിനെതിരെ ബഹു.ഹൈക്കോടതി യിൽ നിന്ന് അനുകൂല ഉത്തരവ് നേടിയതിന്റെ അടിസ്ഥാനത്തിൽ ടി വിഭാഗം ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നു. സർക്കാർ സ്കൂളുകളിൽ താൽക്കാലിക പ്രമോഷൻ ലഭിച്ച അദ്ധ്യാപകർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിൽ ബഹു.ട്രൈബ്യൂണലിന്റെ ഉത്തരവ് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇതേ കാലയളവിൽ പ്രമോഷൻ ലഭിച്ച എയിഡഡ് മേഖലയിലെ പ്രധാന അധ്യാപകർക്ക് | (സി) | പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റം സംബന്ധിച്ച് ബഹു.സുപ്രീം കോടതിയിലും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും കേസ് |

| | | | |
|---|---|---|---|
| | ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ടോ; വ്യക്തമാക്കുമോ; | | നിലനിൽക്കുന്നു. പ്രഥമാദ്ധ്യാപക പ്രമോഷൻ നൽകുന്നതി നെതിരെ ബഹു.ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ്, സ്കൂളുകളുടെ പ്രവർത്തനം താളംതെറ്റുന്ന അവസ്ഥയിൽ ബഹു.ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്ത് സ്റ്റേ വെക്കേറ്റ് ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രഥമ അദ്ധ്യാപകർക്ക് അന്തിമ ഉത്തരവിന് വിധേയമായി താൽക്കാലിക പ്രമോഷൻ നൽകി. എന്നാൽ എയ്ഡഡ് മേഖലയിലുള്ള ജീവനക്കാർ ട്രൈബ്യൂണൽ ഉത്തരവിനെതിരെ ബഹു.ഹൈക്കോടതി യിൽ നിന്ന് അനുകൂല ഉത്തരവ് നേടിയതിന്റെ അടിസ്ഥാനത്തിൽ ടി വിഭാഗം ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നു. സർക്കാർ സ്കൂളുകളിൽ താൽക്കാലിക പ്രമോഷൻ ലഭിച്ച അദ്ധ്യാപകർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിൽ ബഹു.ട്രൈബ്യൂണലിന്റെ ഉത്തരവ് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| (ഡി) | എയിഡഡ് മേഖലയിലെ പ്രധാന അധ്യാപകർക്ക് ആനുകൂല്യങ്ങൾ നല്കി വരുന്നുണ്ടെങ്കിൽ നിബന്ധനകൾക്ക് വിധേയമായി സർക്കാർ പ്രൈമറി വിദ്യാലയങ്ങളിലെ പ്രധാന അധ്യാപകർക്കും അവരുടെ സർവീസ് ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റം സംബന്ധിച്ച് ബഹു.സുപ്രീം കോടതിയിലും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും കേസ് നിലനിൽക്കുന്നു. പ്രഥമാദ്ധ്യാപക പ്രമോഷൻ നൽകുന്നതി നെതിരെ ബഹു.ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ്, സ്കൂളുകളുടെ പ്രവർത്തനം താളംതെറ്റുന്ന അവസ്ഥയിൽ ബഹു.ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്ത് സ്റ്റേ വെക്കേറ്റ് ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രഥമ അദ്ധ്യാപകർക്ക് അന്തിമ ഉത്തരവിന് വിധേയമായി താൽക്കാലിക പ്രമോഷൻ നൽകി. എന്നാൽ എയ്ഡഡ് മേഖലയിലുള്ള ജീവനക്കാർ ട്രൈബ്യൂണൽ ഉത്തരവിനെതിരെ ബഹു.ഹൈക്കോടതി യിൽ നിന്ന് അനുകൂല ഉത്തരവ് നേടിയതിന്റെ അടിസ്ഥാനത്തിൽ ടി വിഭാഗം ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നു. സർക്കാർ സ്കൂളുകളിൽ താൽക്കാലിക പ്രമോഷൻ ലഭിച്ച അദ്ധ്യാപകർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിൽ ബഹു.ട്രൈബ്യൂണലിന്റെ ഉത്തരവ് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ